## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2918**      **13.07.2015 ന് മറുപടിയ്ക്ക്**

## അനധികൃത കള്ള് കടത്ത്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം.ചന്ദ്രൻ :** | | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) പാലക്കാട് ജില്ലയിലെ അതിർത്തി ചെക്പോസ്റ്റു കളെ മറികടന്ന് അനധികൃത മായി കള്ള് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ അതു കണ്ടെത്തുന്ന തിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ ;<br><br>(സി) അനധികൃതമായി കടത്തുന്ന കള്ള് പിടികൂടുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | അതിർത്തി ചെക്ക്പോസ്റ്റുകളെ മറികടന്ന് അനധികൃതമായി നടത്തുന്ന കള്ള് കടത്തു തടയുന്നതിനായി ശക്തമായ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിലവിലുള്ള എൻഫോഴ്സ് മെന്റ് സംവിധാനങ്ങൾക്ക് പുറമെ രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തി ക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തു വരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ വ്യാജങ്ങൾ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയപാതകളിൽ വാഹന പരിശോധനയും നടത്തി വരുന്നു. കൂടാതെ പെർമിറ്റ് വാഹനങ്ങൾ പരിശോധിക്കുന്നതിന് ആലത്തൂരിൽ കള്ള് ചെക്കിംഗ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. |
| (ഡി) അനധികൃതമായി കടത്തിയ കള്ള് പിടികൂടിയ ഏതെങ്കിലും കേസ് നിലവിലുണ്ടോ ? | (ഡി) | ഇല്ല. |

Shaine.V

**സെക്ഷൻ ഓഫീസർ**